## IV. ശ്രദ്ധക്ഷണിക്കൽ

മി. സ്പീക്കർ: ഓർഡർ.. ഓർഡർ (.....ബഹളം......) അംഗങ്ങൾ സീറ്റിൽ പോയി ഇരിക്കൂ......(.....ബഹളം......) സഭ ഓർഡറാകണം.... എല്ലാവരും മൈക്രോ ഫോൺ വയ്ക്കുക... പ്ലീസ്..... പ്ലീസ്.....(.....ബഹളം......)

മലബാർ മേഖലയിലെ വിനോദ സഞ്ചാര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ

ഡോ. കെ. ടി. ജലീൽ: സർ, (.....ബഹളം......) നമ്മുടെ സംസ്ഥാനത്ത് ടൂറിസം വികസന പാതയിലൂടെയാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഏതാണ്ട് രണ്ടേകാൽ കോടി ജനങ്ങളാണ് കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനത്ത് ടൂറിസ്റ്റുകളായി എത്തിയത്. കോവിഡ് കാലത്തിനുശേഷം ഏതാണ്ട് 30 ശതമാനം വർധനവാണ് കേരളത്തിലേയ്ക്കുള്ള വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ടൂറിസ്റ്റുകളുടെയും വിദേശത്തുനിന്നുള്ള ടൂറിസ്റ്റുകളുടെയും എണ്ണത്തിൽ വന്നിരിക്കുന്നത്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് എത്തുന്ന ടൂറിസ്റ്റുകളിൽ കേവലം 10 ശതമാനത്തിൽ താഴെ ടൂറിസ്റ്റുകളാണ് മലബാറിൽ എത്തിയിരുന്നത്. കഴിഞ്ഞ കുറച്ച് വർഷമായി ആ ദുഃസ്ഥിതിക്ക് പരിഹാരമുണ്ടായിട്ടുണ്ട്. മലബാറിലേക്കുള്ള ടൂറിസ്റ്റുകളുടെ ഒഴുക്കിൽ ഈ

കഴിഞ്ഞ നാലഞ്ചുവർഷത്തിനിടയിൽ വലിയ വർധനവാണ് സംഭവിച്ചിരിക്കുന്നത്. ഇതിനുകാരണം മറ്റൊന്നുമല്ല; മലബാറിലെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ കാര്യത്തിൽ രണ്ടാം പിണറായി സർക്കാർ പ്രത്യേക താൽപര്യമെടുത്തു എന്നതാണ്. ഒന്നാം പിണറായി സർക്കാരും നല്ല ബാക്ക് ഗ്രൗണ്ട് അതിനായി സൃഷ്ടിച്ചിരുന്നു. അക്കാര്യത്തിൽ ബഹുമാന്യനായ ടൂറിസം വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കാൻ ഞാൻ ഈ വിലപ്പെട്ട സമയം ഉപയോഗപ്പെടുത്തുകയാണ്.

കാസർഗോഡ് ജില്ലയിലെ ബേക്കൽ ബീച്ച് ടൂറിസത്തിന്റെ ഭാഗമായി രണ്ട് 7 സ്റ്റാർ ഹോട്ടലുകളാണ് സമീപകാലത്ത് തുടങ്ങിയത്. അതിലൊന്ന് നിർമ്മാണഘട്ടത്തിലാണ്. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാടിൽ നാല് കിലോമീറ്റർ ദൂരംവരുന്ന ഡ്രൈവ്-ഇൻ ബീച്ച് വികസനം, പയ്യാമ്പലം ബീച്ച്, അറക്കൽ കൊട്ടാരം എന്നീ ഡെസ്റ്റിനേഷനുകളൊക്കെ ടൂറിസ്റ്റുകളുടെ പ്രവാഹത്തിൽ വിജൃംഭിതമാകുകയാണ്. വയനാട് ജില്ലയിലെ ഇടക്കൽ ഗുഹ, പൂക്കോട് തടാകം, ബാണാസുര സാഗർ ഡാം, കുറുവാ ദ്വീപ്, കോഴിക്കോട് ജില്ലയിലെ കാപ്പാട് - ബേപ്പൂർ ബീച്ച് ടൂറിസം, പാലക്കാട് ജില്ലയിലെ

നെല്ലിയാമ്പതി, മലമ്പുഴ, പറമ്പിക്കുളം, സൈലന്റ് വാലി, വെള്ളിയാംകല്ല് എന്നീ ടൂറിസം പദ്ധതികൾ, മലപ്പുറം ജില്ലയിലെ നിലമ്പൂർ തേക്ക് മ്യൂസിയം, പുറത്തൂർ പടിഞ്ഞാറേക്കര ബീച്ച് ടൂറിസം, പൊന്നാനി ബീച്ച് ടൂറിസവും നിള ടൂറിസവും, ചമ്രവട്ടം നിളയോര സ്നേഹപാത, കുറ്റിപ്പുറം നിളാതീര ടൂറിസം, ബിയ്യം കായൽ ടൂറിസം, തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി, പീച്ചി, വാഴാനി, ചാവക്കാട് ബീച്ച്, നാട്ടിക-സ്നേഹതീരം ബീച്ച്, കലശമല, അഴീക്കോട് ബീച്ച് എന്നിവയൊക്കെ വികസനത്തിന്റെ പാതയിലാണ്. മലബാറിലെ ഈ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഇനിയും കൂടുതൽ വികസനങ്ങൾ വരുത്തേണ്ടതുണ്ട്. (.....ബഹളം......)

ലിറ്ററി ടൂറിസം ലോകരാജ്യങ്ങളിൽ വ്യാപകമായി വളർന്നുകൊണ്ടിരിക്കുകയാണ്. അതിന് ഏറെ സാധ്യതയുള്ള സംസ്ഥാനം കേരളമാണ്. മലബാറും ഒട്ടും പിന്നിലല്ല. ലിറ്ററി ടൂറിസത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെയും മലബാറിനെയും ആ മേഖലയിൽ ഉയർത്തിക്കൊണ്ടുവരാനുള്ള ഇടപെടൽ ഉണ്ടാകണമെന്ന്

ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർഥിക്കുകയാണ്. (.....ബഹളം......)

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (.....ബഹളം......) വിനോദസഞ്ചാര മേഖലയിൽ ലോക ഭൂപടത്തിൽ ചിരപ്രതിഷ്ഠ നേടാനുള്ള വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ എട്ടരവർഷമായി സംസ്ഥാനത്തെ ഇടതുമുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്, കേരളത്തിലേക്ക് വരുന്ന സഞ്ചാരികളിൽ ചെറിയൊരു ശതമാനം മാത്രമാണ് മലബാറിലെ ടൂറിസം കേന്ദ്രങ്ങളിലേക്ക് വരുന്നത് എന്നത്. തൃശ്ശൂർ ജില്ല മുതൽ കാസർഗോഡ് ജില്ല വരെയുള്ള ഏഴ് ജില്ലകളിൽ വെറും ആറ് ശതമാനം സഞ്ചാരികൾ മാത്രമാണ് വരുന്നതെന്നതാണ് അതിലെ ഏറ്റവും പ്രയാസകരമായ കാര്യം. അതിന് പല കാരണങ്ങളുണ്ട്; അവയെല്ലാം പരിഹരിക്കാൻ സർക്കാർ എല്ലാ നിലയിലും ഇടപെട്ടിട്ടുണ്ട്. ആ ഇടപെടലിന് ഫലം കണ്ടുകൊണ്ടിരിക്കുന്നു. മലബാറിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ വയനാട് ജില്ല രൂപംകൊണ്ടതിനുശേഷമുള്ള ചരിത്ര റെക്കാർഡ്

സൃഷ്ടിച്ചുകൊണ്ടാണ് ഈ വർഷം ടൂറിസ്റ്റുകൾ ഇവിടെയെത്തുന്നതെന്ന സന്തോഷവിവരം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ നിരവധി ടൂറിസം പദ്ധതികളാണ് മലബാർ കേന്ദ്രീകരിച്ച് നടത്തുന്നത്. മലബാറിലെ ടൂറിസം വികസിച്ചാൽ അതിന്റെ ഗുണഭോക്താവായി മാറാൻ പോകുന്നത് കേരളത്തിന്റെ ടൂറിസം മേഖലയാണ്. അത് മുൻനിർത്തിയുള്ള നിരവധി പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കിവരുന്നുണ്ട്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി മലബാർ ടൂറിസത്തിനുവേണ്ടി ഒരു സംസ്ഥാന സർക്കാർ ബി2 ബി മീറ്റ് സംഘടിപ്പിച്ചത് ഈ വർഷമാണെന്നുള്ളത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മലബാർ ടൂറിസത്തിന്റെ വികസനത്തിനുവേണ്ടി ഒരു നോഡൽ ഓഫീസറെ നിശ്ചയിച്ചതും ഈ ഗവൺമെന്റിന്റെ ഭരണ കാലത്താണ്. വേട്ടക്കാർതന്നെ ഇരകൾക്കുവേണ്ടി വാദിക്കുന്ന ഒരു കാലഘട്ടമാണിതെന്ന് നമുക്കറിയാം. (.....ബഹളം......) അങ്ങനെയുള്ള ഒരു കാലത്ത് വളരെ കൃത്യമായി മലബാറിലെ ടൂറിസത്തെ വികസിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിന് എല്ലാവരെയും യോജിപ്പിച്ചുകൊണ്ടുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തും. (.....ബഹളം......)

മുൻമന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീൽ ഉന്നയിച്ച പ്രസക്തമായ ശ്രദ്ധക്ഷണിക്കലിനെ അതേയർത്ഥത്തിൽ മനസ്സിലാക്കിക്കൊണ്ട് സർക്കാർ മുന്നോട്ടുപോകുമെന്നുള്ളത് പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള നാലാമത്തെ രാജ്യമാണ് ഇന്തോനേഷ്യ. (.....ബഹളം......) ഒരുപക്ഷേ, പ്രകൃതി ഭംഗി ഇത്രയധികം ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളാക്കി മാറ്റി അനന്തമായ ടൂറിസം സാധ്യതയെ പ്രയോജനപ്പെടുത്തുന്ന വേറെയൊരു രാജ്യമുണ്ടോയെന്നുള്ളത് സംശയമാണ്. ഇന്തോനേഷ്യയിലെ എല്ലാ ദ്വീപുകളിലും ഇത്തരത്തിലുള്ള നിരവധി ടൂറിസം ഡെസ്റ്റിനേഷൻ കേന്ദ്രങ്ങൾ കാണാൻ സാധിക്കും. സമാനമായ രൂപത്തിൽ കേരളത്തിന്റെ പ്രകൃതി ഭംഗിയും നമ്മുടെ പരമ്പരാഗതമായ തനത് കലാശൈലികളും പ്രയോജനപ്പെടുത്തി അത്തരത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ വ്യാപകമായി നമ്മുടെ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും അതിലൂടെ ടൂറിസ്റ്റുകളെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും പ്രത്യേകമായ ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, (.....ബഹളം......) തീർച്ചയായും അത്തരം പദ്ധതികൾ കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടപ്പാക്കിവരുന്നുണ്ട്. ഇപ്പോൾ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് പരിശോധിച്ചാൽ, ഗോത്രവർഗ സംസ്കാരം സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് വയനാട് ജില്ലയിൽ ആരംഭിച്ച 'എൻ ഊര്' പദ്ധതി എൽ.ഡി.എഫ്. സർക്കാരിന്റെ സംഭാവനയാണെന്ന് ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുകയാണ്. മുൻമന്ത്രി ശ്രീ. എ. കെ. ബാലനെയും ശ്രീ. കെ. രാധാകൃഷ്ണനെയും ഈ ഘട്ടത്തിൽ ഞാൻ ഓർത്തുപോകുന്നു. ഈ കാലഘട്ടത്തിൽ കളരിപ്പയറ്റ് വളരെ പ്രസക്തമാണെന്ന് എല്ലാവർക്കും അറിയുന്നതാണ്. അതുപോലെ ഇവിടെ ചൂണ്ടിക്കാട്ടിയ തെയ്യം, തിറ, മറ്റ് നാടൻ കലാരൂപങ്ങൾ, മലബാറിന്റേതായ തനതുരുചികൾ എന്നിവ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കാനുള്ള പ്രവർത്തനങ്ങളും എൽ.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. തുടർന്നും അവയെ ശക്തമായി മുന്നോട്ടുകൊണ്ടുപോകാനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുമെന്നുള്ളത്

ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. (.....ബഹളം......) മറുപടിയുടെ ബാക്കിഭാഗം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ് സീറ്റിലില്ലാത്തതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിമാർ സബ്മിഷനുകളുടെ മറുപടി മേശപ്പുറത്തുവച്ചാൽ മതിയാകും. സർവശ്രീ വി. ഡി. സതീശൻ, പി. സി. വിഷ്ണുനാഥ്, മോൻസ് ജോസഫ്, അൻവർ സാദത്ത്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ അവരുടെ സബ്മിഷനുകൾ അവതരിക്കപ്പിക്കുന്നില്ല. സബ്മിഷന്റെ പോയിന്റ് മാത്രം ചോദിക്കുക.

---

\+ അനുബന്ധമായി ചേർക്കുന്നു.